**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6718** **21-03-2023 - ല്‍ മറുപടിയ്ക്ക്**

**സര്‍ക്കാര്‍, എയ്ഡഡ് സ്കൂളുകളില്‍ യൂണിഫോം നല്‍കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീല്‍ | | ശ്രീ വി ശിവന്‍കുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴില്‍ വകുപ്പ് മന്ത്രി) | |
| (എ) | ഈ അദ്ധ്യയന വര്‍ഷം സര്‍ക്കാര്‍ സ്കൂളുകളില്‍ ഒന്ന് മുതല്‍ ഏഴുവരെയും എയ്ഡഡ് സ്കൂളില്‍ ഒന്ന് മുതല്‍ നാലുവരെയുമുള്ള ക്ലാസുകളില്‍ നിലവില്‍ എത്ര കുട്ടികളുണ്ട്; അവര്‍ക്ക് ആവശ്യമായ യൂണിഫോം തുണിയുടെ അളവ് എത്രയാണ്; വ്യക്തമാക്കാമോ; | (എ) | 2022 - 23 അധ്യയന വര്‍ഷം സര്‍ക്കാര്‍ സ്കൂളുകളില്‍ ഒന്ന് മുതല്‍ ഏഴ് വരെയും എയ്ഡഡ് സ്കൂളില്‍ ഒന്ന് മുതല്‍ നാല് വരെയുമുള്ള ക്ലാസുകളില്‍ 9,58,060 കുട്ടികള്‍ നിലവിലുണ്ട്. ഈ കുട്ടികള്‍ക്ക് കൈത്തറി യൂണിഫോം നല്‍കുന്നതിനു 42.10 ലക്ഷം മീറ്റര്‍ തുണി ആവശ്യമായി വരുന്നു. |
| (ബി) | സര്‍ക്കാര്‍, എയ്ഡഡ് സ്കൂളുകളില്‍ ഒന്ന് മുതല്‍ എട്ടുവരെ ക്ലാസുകളിലെ മുഴുവന്‍ കുട്ടികള്‍ക്കും യൂണിഫോം നല്‍കുന്ന പദ്ധതി നടപ്പിലാക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | നിലവില്‍ സര്‍ക്കാര്‍ സ്കൂളുകളില്‍ ഒന്ന് മുതല്‍ ഏഴ് വരെയും എയ്ഡഡ് സ്കൂളില്‍ ഒന്ന് മുതല്‍ നാല് വരെയുമുള്ള ക്ലാസുകളില്‍ പഠിക്കുന്ന കുട്ടികള്‍ക്ക് കൈത്തറി യൂണിഫോം നല്‍കുന്നുണ്ട്. കൂടാതെ കൈത്തറി യൂണിഫോം ലഭ്യമല്ലാത്ത സര്‍ക്കാര്‍ ഹൈസ്കൂളുകളിലെ ഒന്ന് മുതല്‍ എട്ട് വരെയുള്ള എ.പി.എല്‍ വിഭാഗം ആണ്‍കുട്ടികള്‍ക്കും യു.പി, എച്ച്.എസ് എയ്ഡഡ് സ്കൂളുകളിലെ ഒന്ന് മുതല്‍ എട്ട് വരെയുള്ള മുഴുവന്‍ കുട്ടികള്‍ക്കും യൂണിഫോം അലവന്‍സായി 600 രൂപ നിരക്കില്‍ തുക നല്‍കി വരുന്നു. |

സെക്ഷന്‍ ഓഫീസര്‍